**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ കൺസെഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ ഓൺലൈനിലൂടെ ബസ് കൺസെഷൻ ലഭ്യമാക്കുന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നേരിട്ട് എത്താതെ വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ***"www.concessionksrtc.com"*** എന്ന ലിങ്ക് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് ഓൺലൈനായി കൺസഷനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ തത്സ്ഥിതി അറിയുന്നതിനായി *SMS* സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും ഇതുവരെയായി എത്ര പേർക്ക് ഓൺലൈനിലൂടെ ബസ് കൺസെഷൻ ലഭിച്ചുവെന്നും വിശദമാക്കാമോ; | (ബി) | 01.06.2024 മുതലാണ് പദ്ധതി ആരംഭിച്ചത്. 20.06.2024 വരെയുള്ള കണക്കു പ്രകാരം 59,680 വിദ്യാർത്ഥികളുടെ അപേക്ഷകൾ അംഗീകരിച്ച് വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിൽ പണം ഒടുക്കിയ 19,876 വിദ്യാർത്ഥികൾക്കാണ് ഓൺലൈനിലൂടെ ബസ് കൺസഷൻ വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | എത്ര വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് കെ.എസ്.ആർ.ടി.സി ബസുകളിൽ കൺസെഷൻ ലഭിക്കുക എന്ന് വിശദമാക്കാമോ? | (സി) | നിലവിൽ 27 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് കെ.എസ്.ആർ.ടി.സി ബസുകളിൽ കൺസഷൻ ആനുകൂല്യം ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ